ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/5565/2026-C1 (ACA)** തീയതി: **17-07-2026**

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം – സാങ്കേതികം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം - അക്കാദമിക് (എ) വിഭാഗം - **2026-2027** അധ്യയന വർഷത്തെ ടെക്നിക്കൽ ഹൈസ്കൂൾ കലാ-കായിക-ശാസ്ത്ര മേളകളുടെ തീയതികൾ നിശ്ചയിച്ചതും - അനുബന്ധിത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതും - സംബന്ധിച്ച്.

സൂചന :- **1. 04.07.2026** തീയതിയിൽ ചേർന്ന ടെക്നിക്കൽ ഹൈസ്കൂൾ അക്കാദമിക് കൗൺസിൽ യോഗം മിനിട്സ്.
**2.** ഈ കാര്യാലയത്തിൽ നിന്നുള്ള **07.07.2026** തീയതിയിലെ **I/673443/2026** നമ്പർ സർക്കുലർ

ഈ വകുപ്പിന് കീഴിലെ ടെക്നിക്കൽ ഹൈസ്കൂളുകളിൽ **2026-2027** അധ്യയന വർഷത്തെ അഖില കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്രമേള , കായികമേള , കലോത്സവം എന്നിവയുടെ സ്കൂൾതല, സംസ്ഥാനതല മത്സരങ്ങൾ നടത്തുന്നതിനുള്ള തീയതികൾ സൂചന **(1)** പ്രകാരം നടന്ന അക്കാദമിക് കൗൺസിൽ യോഗത്തിൽ നിശ്ചയിച്ചിട്ടുണ്ട്.

**A)**ശാസ്ത്രമേള സ്കൂൾ തലത്തിൽ **2026** ഓഗസ്റ്റ് **4**-നകം പൂർത്തിയാക്കേണ്ടതാണ്. അഖിലകേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്രമേള **2026** സെപ്റ്റംബർ **18, 19, 20** തീയതികളിൽ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ഷൊർണ്ണൂർ- ൽ വെച്ച് നടത്തുന്നതാണ്.

**B)** കായികമേള സ്കൂൾതലത്തിൽ **2026** സെപ്റ്റംബർ **11**-ന് മുൻപായി പൂർത്തിയാക്കേണ്ടതാണ്.അഖിലകേരള ടെക്നിക്കൽ ഹൈസ്കൂൾ കായികമേള **2026** ഒക്ടോബർ **16, 17, 18** തീയതികളിൽ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ ശ്രീകാര്യം- ൽ വെച്ച് നടത്തുന്നതാണ്.

**C)** കലോത്സവം സ്കൂൾതലത്തിൽ **2026** ഒക്ടോബർ **30**-ന് മുൻപായി പൂർത്തിയാക്കേണ്ടതാണ്. അഖിലകേരള ടെക്നിക്കൽ ഹൈസ്കൂൾ കലോത്സവം **2026** നവംബർ **20, 21, 22** തീയതികളിൽ ഗവ. ടെക്നിക്കൽ ഹൈസ്കൂൾ, കണ്ണൂർ (തോട്ടട) - ൽ വെച്ച് നടത്തുന്നതാണ്.

എല്ലാ ടെക്നിക്കൽ ഹൈസ്കൂളുകളും സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട് അതത് സ്കൂൾതല മത്സരങ്ങൾ പൂർത്തിയാക്കേണ്ടതും വിജയികളായ കുട്ടികളെ

സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മേളകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള നടപടികളും മറ്റ് അനുബന്ധ ക്രമീകരണങ്ങളും അടിയന്തിരമായി ആരംഭിക്കാൻ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും നിർദ്ദേശം നൽകുന്നു.

Digitally signed by
ANI ABRAHAM
Date: 17-07-2026
00:22:06

ANI ABRAHAM
SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ടെക്‌നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർക്കും ( www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി